**പതിന്നാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.179 28.06.2016-ൽ മറുപടിക്ക്**

**<u>കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ)കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് പി.എസ്.സി അഡ്വൈസ് ചെയ്ത ഡോക്ടർമാരിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ജനറൽ കേഡറിലും, അഡ്മിനിസ്ട്രേറ്റീവ് കേഡറിലും ജോലി ചെയ്തു വരുന്ന സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരെ ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റി കൂടി നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി)ജനറൽ ആശുപത്രിയിലും, ജില്ലാ, താലൂക്ക് ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി എത്ര ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകളിൽ എത്ര എണ്ണമാണ് നികത്താൻ തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ ? | (ബി) ആകെ 82 ഒഴിവുകൾ ആണ് ഉള്ളത്. അഡ്ഹോക്ക് അടിസ്ഥാനത്തിൽ 59 ഡോക്ടർമാരെ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ